**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള സർവ്വീസ് ചട്ടങ്ങൾ – കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.8/2026/ധന.** **തീയതി, തിരുവനന്തപുരം, 22.01.2026**

---

പരാമർശം :–1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 24/06/2024 ലെ കെ 3/5880/2023/മെ.വി.വ നമ്പർ കത്ത്.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08/08/2025 ലെ ഡി.എച്ച്.എസ്/20708/2023–എം.എച്ച് 3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ., ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19–C പ്രകാരം പ്രത്യേക ആകസ്മിക അവധി അനുവദിച്ചിട്ടുണ്ട്. കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് കൂടി പ്രത്യേക ആകസ്മിക അവധി അനുവദിയ്ക്കണമെന്ന ആവശ്യം നിലവിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ Transplantation of Human Organ and Tissue Act ന് കീഴിൽ വരുന്ന ശരീര കലകളുടെ മാറ്റിവയ്ക്കലിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നതായതിനാൽ ഈ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് ആരോഗ്യം വീണ്ടെടുക്കുന്നതിനായി പ്രത്യേക ആകസ്മിക അവധി അനുവദിക്കാവുന്നതാണെന്ന് പരാമർശം 1, 2 പ്രകാരം യഥാക്രമം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19–ലെ നിബന്ധനകൾക്ക് വിധേയമായി പരമാവധി 30 ദിവസത്തേയ്ക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ആനുകൂല്യത്തിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

4. മുമ്പ് തീർപ്പാക്കിയ കേസുകൾ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതില്ല. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**ലക്ഷ്മി രഘുനാഥൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് – II ), കേരള, തിരുവനന്തപുരം.

ബഹു. ഗവർണ്ണറുടെ സെക്രട്ടറി, ലോക് ഭവൻ.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറി.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
സെക്രട്ടറിയേറ്റിലെ നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾ/സെക്ഷനുകൾ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവകലാശാല രജിസ്ട്രാർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്റ്റ് മാനേജർ, സ്പാർക്ക് (പി.എം.യു).
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ. 3209183, RULES-B1/68/2025-FIN).

പകർപ്പ് :-

ബഹു. നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. മുഖ്യമന്ത്രിയുടെയും ബഹു. മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

**ഉത്തരവിൻ പ്രകാരം**

Sd/-

**സെക്ഷൻ ഓഫീസർ**